# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 21

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും***
***ദേശത്തുപട്ടക്കാരും  പള്ളികൈക്കാരും  ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന കോവിഡ്–19 മൂലം  സഭയുടെയും ഭദ്രാസനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്  ഇപ്പോഴും സാധിക്കാതെയിരിക്കുകയാണല്ലോ.

സഭാഭരണഘടന 340–ാം വകുപ്പ് അനുസരിച്ച് ഇടവകസംഘയോഗം ഫെബ്രുവരി അവസാനത്തിനു മുമ്പ് നടത്തേണ്ടതും അത്മായ ഉപാദ്ധ്യക്ഷന്മാർ, മുതൽ ചുമതലക്കാരൻ, കണക്ക് ചുമതലക്കാരൻ, അത്മായ ശുശ്രൂഷകർ, സെക്രട്ടറി, മറ്റ് കൈസ്ഥാനസമിതി അംഗങ്ങൾ, കണക്കു പരിശോധകർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റിമാർ സഭാഭരണഘടന പ്രകാരം  സമ്മതപത്രം ഭദ്രാസന എപ്പിസ്ക്കോപ്പായ്ക്കു നൽകേണ്ടതും ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അനുമതിയോടെ മിക്ക ഇടവകകളിലും അപ്രകാരം 2021 ഏപ്രിൽ 1 ന് ചുമതലയിൽ പ്രവേശിച്ചിരിക്കുകയുമാണല്ലോ. ഇപ്രകാരം പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെപോകുന്ന ഇടവകകൾക്ക് നിലവിലുള്ള ചുമതലക്കാർക്കും കൈസ്ഥാനസമിതിക്കും ലോക്ഡൗൺ നിയന്ത്രണങ്ങൾ മാറി ഇടവകസംഘം കൂടി ടി പ്രക്രിയ പൂർത്തീകരിക്കുന്നതുവരെ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അനുവാദത്തോടെ തുടരാവുന്നതാണ്.

ഇടവകയുടെ വാർഷിക ഇടവകസംഘയോഗം മേയ് 31 നു മുമ്പ് നടത്തി വാർഷിക റിപ്പോർട്ടും ആഡിറ്റു ചെയ്ത തെരട്ടും ബാക്കിപത്രവും ബഡ്ജറ്റും അവതരിപ്പിച്ചു പാസ്സാക്കേണ്ടതാണ്. എന്നാൽ കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം വാർഷിക ഇടവകസംഘയോഗം നടത്തുവാൻ സാധിക്കാത്ത ഇടവകകളിൽ, ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അംഗീകാരത്തോടുകൂടെ ട്രസ്റ്റിമാർ ചുമതലയിൽ പ്രവേശിച്ച 2021–22 ലെ കൈസ്ഥാനസമിതിക്ക്,  2021 ജൂൺ 1 മുതൽ ചുമതലയിൽ പ്രവേശിക്കാവുന്നതാണ്. ഇപ്പോഴത്തെ കോവിഡ് പശ്ചാത്തലത്തിൽ പള്ളിയിൽ എല്ലാവർക്കും വന്നു ചേരുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഓൺലൈനായി  കൈസ്ഥാനസമിതിയും ഇടവകസംഘവും ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അനുവാദത്തോടെ നടത്തുവാൻ അനുവദിച്ചിട്ടുണ്ട്.

സഭയുടെയും ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും  ചേർന്നുള്ള 2020–21 വർഷത്തെ Annual Return, 2021 ഒക്ടോബർ 31 നു മുമ്പ് Income Tax Department ൽ  ഫയൽ ചെയ്യേണ്ടതുകൊണ്ട് ഇടവകസംഘം കൂടിയില്ല എങ്കിൽപ്പോലും  ഇടവകകളും ഇടവകയിലെ അംഗീകൃത സംഘടനകളും 2020–21 ലെ വരവ് ചിലവ് കണക്കുകൾ ഇന്റേണൽ  ഓഡിറ്റേഴ്സ് പരിശോധിച്ചശേഷം എക്സ്റ്റേണൽ ഓഡിറ്റേഴ്സിനു നൽകി 10 BB Form ൽ 2021 ജൂലൈ 15 നു മുമ്പ് അതത് ഭദ്രാസന ഓഫീസുകളിൽ നൽകേണ്ടതാണ്. ഭദ്രാസന ഓഫീസിൽ നിന്ന്  ഈ കണക്കുകൾ ക്രോഡീകരിച്ച് എക്സ്റ്റേണൽ ഓഡിറ്റേഴ്സിനു നൽകി 10 BB Form ൽ 2021 ആഗസ്റ്റ് 14 നു മുമ്പ് സഭാ ഓഫീസിൽ നല്കേണ്ടതാണ്. സഭയുടെ PAN ഉപയോഗിക്കുന്ന സഭയുടെ അംഗീകൃത സ്ഥാപനകളും സംഘടനകളും ഈ വിധത്തിൽ എക്സ്റ്റേണൽ ഓഡിറ്റേഴ്സിന്റെ  പരിശോധന കഴിഞ്ഞ് 10 BB Form ൽ 2021 ആഗസ്റ്റ് 14 നു മുമ്പ് സഭാ ഓഫീസിൽ നൽകേണ്ടതുമാണ്.

പ്രിയരെ, ഈ മഹാമാരിയുടെ കാലഘട്ടത്തിൽ സഭയുടെയും ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമായി നടക്കുവാൻ കർത്താവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

*എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ജൂൺ 16–ാം തീയതി*

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**